# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 203** **17.02.2016- ൽ മറുപടിക്ക്**

## നെയ്ത്ത് മേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.റ്റി.ജോർജ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) നെയ്ത്ത് മേഖലയുടെ വികസനത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക, കൈത്തറി മേഖലയെ ടൂറിസവുമായി ബന്ധപ്പെടുത്തി കൈത്തറിക്കു കൂടുതൽ വിപണി കണ്ടെത്തുക, നെയ്ത്തുകാരന്റെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക, വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സൊസൈറ്റികളുടെ ഷോറൂം നവീകരിക്കുക, പൊതുജനങ്ങളുടെ ഇടയിൽ കൈത്തറിയെ കുറിച്ച് അവബോധം ഉണ്ടാക്കുക, ആധുനിക രീതിയിലുള്ള ഡിസൈൻ ഉൽപന്നങ്ങൾ കൈത്തറി മേഖലയിൽ ഉൽപാദിപ്പിക്കുക, മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുക, കൈത്തറി മേഖലയിലെ പുതിയ സംരംഭകരെ സഹായിക്കുക, നെയ്ത്തുകാരുടെ ജോലി ഭാരം കുറയ്ക്കുക, തറികളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക, കൂടുതൽ ആൾക്കാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക, കൈത്തറി മേഖലയെ പുനരുദ്ധരിക്കുക എന്നിവയാണ് ഈ കർമ്മപദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(സി) നെയ്ത്ത് മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച സ്വയം തൊഴിൽപദ്ധതി പ്രകാരം 65 കൈത്തറി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൈത്തറി മേഖലയെ ടൂറിസവുമായി ബന്ധപ്പെടുത്തി കൈത്തറിക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനായി ഹാന്റ്ലൂം വില്ലേജ് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൈത്തറി മേഖലയിൽ പ്രചോദനപരിപാടി നടപ്പിലാക്കി. വിപണനപ്രോത്സാഹന പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കൈത്തറി വസ്ത്ര പ്രദർശനമേളകൾ നടത്തി.കൈത്തറി സംഘത്തിന്റേയും നെയ്ത്തുകാരുടേയും ഷെഡ്ഡുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സൊസൈറ്റികളുടെ ഷോറൂം നവീകരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. കൈത്തറി വസ്ത്രങ്ങളുടെ പ്രചരണത്തിന്റെ ഭാഗമായി വിവിധ മാധ്യമങ്ങളിലൂടെ അവബോധം സൃഷ്ടിച്ചു. ആധുനിക രീതിയിലുള്ള ഡിസൈൻ ഉൽപന്നങ്ങൾ നെയ്യുന്നതിന് വൈദഗ്ദ്ധ്യ പരിശീലനം നെയ്ത്തുകാർക്ക് നൽകി. കൈത്തറി ഉൽപന്നങ്ങൾ ബ്രാന്റ് ചെയ്യുന്നതിനായി കേരളാ കൈത്തറി എന്ന പേരിൽ ബ്രാൻഡ് വികസിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിനായി ലോഗോ വികസിപ്പിച്ചിട്ടുണ്ട്.കൈത്തറി മേഖലയിൽ നൂതന ഡിസൈന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഡിസൈൻ ബാങ്ക് രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംരംഭകരെ സഹായിക്കുന്നതിനുമായി ബാലരാമപുരത്ത് ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തു. കോട്ട് ലൂം നാനോ ലൂമുകൾ വികസിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. കേന്ദ്രസർക്കാരിന്റെ സഹായത്തോടെ റിവൈവൽ, റീഫോം & റീസ്ട്രക്ടറിംഗ് പാക്കേജ് നടപ്പിലാക്കി.

സെക്ഷൻ ഓഫീസർ